



# ഓർമ്മയിലൂടെ...

**ഈയിടെ അന്തരിച്ച മന്ദാകിനി നാരായണന്റെ ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പുകൾ മലയാളത്തിലാക്കിയത് ഗിരിജ. 'മറിയ്ക്കാത്ത താളുകൾ', വിമൻസ് ഇംപ്രിന്റ് ഉടനെ പ്രസിദ്ധീകരിക്കുന്ന ഓർമ്മക്കുറിപ്പുകളിലെ ആദ്യ അദ്ധ്യായം.**

കൗമാരപ്രായത്തിൽ ഞാൻ റൊമാന്റിക്കായിരുന്നു, ഭാവിയെക്കുറിച്ച് ഉന്നതമായ പ്രതീക്ഷകളുണ്ടായിരുന്നു. രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ജ്ഞാനസ്നാനം ചെയ്യപ്പെടും മുമ്പ്, മാനുഷികവും സാമൂഹികവുമായ മൂല്യങ്ങളിൽ അടിസ്ഥാനപ്പെടുത്തിയ വ്യത്യസ്ത ജീവിതരീതി സ്വീകരിച്ചുകൊണ്ട് ജനങ്ങൾക്ക് ഉപകാരപ്രദമായ എന്തെങ്കിലും ചെയ്യണമെന്ന് ഞാനാഗ്രഹിച്ചു. എന്റെ ബന്ധുക്കളും ചങ്ങാതിമാരും, മേലെക്കിടയിലുള്ളവരും താഴെത്തട്ടിലുള്ളവരുമായ മധ്യവർഗ്ഗക്കാരെപോലെ യാഥാസ്ഥിതികമായ ജീവിതരീതിയിലായിരുന്നു. സന്തുഷ്ടവും സുരക്ഷിതവുമായ ജീവിതം എന്ന ആശയത്തെ അവർ താലോലിച്ചു, കുടുംബത്തിന്റെ അന്തസ്സും അഭിമാനവും കാത്തു സൂക്ഷിച്ചു. അതിനാലാണ് ഞാൻ വ്യത്യസ്തമായ രീതി സ്വീകരിക്കാനാഗ്രഹിച്ചത്. ഒരു പക്ഷേ, ഈ ആശയം എന്നിലുണ്ടായത് ഗാന്ധി നയിച്ച ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനം മൂലമാകാം. അച്ഛൻ ഒരു ബ്രിട്ടീഷ് ഗവർണ്മെണ്ട് ഉദ്യോഗസ്ഥനായിരുന്നിട്ടും ഞാനും എന്റെ രണ്ടു സഹോദരന്മാരും ലളിതജീവിതവും ഉയർന്നചിന്തയും ആവശ്യപ്പെടുന്ന ഗാന്ധിയൻ തത്വത്തിൽ ആകൃഷ്ടരായി

ന്യൂ എറാ എന്ന ഞങ്ങളുടെ സ്കൂൾ പണക്കാരുടെ സ്കൂളുകളിൽ ഒന്നായിരുന്നു. അവിടെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സ്വതന്ത്രമായും സ്വാഭാവികമായും ഇടപെടാനുള്ള സാഹചര്യമുണ്ടായിരുന്നു. നല്ല അദ്ധ്യാപകരുമുണ്ടായിരുന്നു. കോൺഗ്രസ്സിലെ ഉൽപതിഷ്ണുക്കളുടെ വിഭാഗമായ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയോട് ചായ്വുള്ള ആളായിരുന്നു ഞങ്ങളുടെ ചരിത്രാദ്ധ്യാപകനായ മേനോൻമാഷ്.

1942ൽ ഞങ്ങൾ മെട്രിക്കുലേഷനു പഠിക്കുമ്പോൾ മേനോൻ മാഷിലൂടെയാണ് സരോജിനി നായിഡുവിന്റെ സഹോദരി സുഹാസിനി ജാംബേദ്ക്കറെ കുറിച്ചു കേൾക്കുന്നത്. അന്ന് രണ്ടാംലോകമഹായുദ്ധം തുടങ്ങിയിരുന്നു, അതിൽ സോവിയറ്റ് യൂണിയന്റെ പങ്ക് നിർണ്ണായകമായിരുന്നു. ഞങ്ങൾക്കിത്തരം രാഷ്ട്രീയ അവബോധം നല്കാൻ സുഹാസിനി സഹായിച്ചു. ഞങ്ങൾ അഞ്ചുപേരുണ്ടായിരുന്നു, മൂന്നു ആൺകുട്ടികളും രണ്ട് പെൺകുട്ടികളും. ഞങ്ങൾ സ്ത്രീകൾ രാഷ്ട്രീയ പ്രവർത്തകരായി തുടർന്നു, ആണുങ്ങൾ വേറെ ജോലികളിലേക്കു പോയി.

ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ സംഭവബഹുലമായ ഒരേടാണ് 1942. ബോംബെയിൽ നിന്നും ഇന്ത്യവിടുക എന്ന പ്രക്ഷോഭം ആരംഭിച്ചു. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ സമ്മേളനത്തിൽ ആഗസ്റ്റ് ക്രാന്തി മൈതാനം എന്നറിയപ്പെടുന്ന ഗോവാല്യ ടാങ്കിൽവെച്ചാണ് അത് പ്രഖ്യാപിക്കുന്നത്. ഇന്ത്യയുടെ മുക്കിലും മൂലയിലുമുള്ള പ്രധാന നേതാക്കൾ എല്ലാവരും ഒത്തുകൂടി. ഗാന്ധി, നെഹ്റു തുടങ്ങിയവർ അറസ്റ്റു ചെയ്യപ്പെട്ടു. ജനങ്ങൾ തെരുവിലിറങ്ങി. നാടെങ്ങും അറസ്റ്റും ലാത്തിചാർജ്ജും, ഇന്ത്യ മുഴുവൻ അത് പടർന്നു. സ്കൂളുകളും കേളേജുകളും അനിശ്ചിത കാലത്തേക്കു അടച്ചു. ക്ലാസ്സുകൾ ഇല്ലായിരുന്നു, എങ്കിലും വിദ്യാർത്ഥികൾ കോളേജ് ഗേറ്റിനടുത്ത് തടിച്ചുകൂടി സമരത്തിൽ പങ്കാളികളായിരുന്നു. അന്ന്, അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയങ്ങൾ ജനങ്ങളുടെ വൈകാരികാദർശങ്ങളെ മനസ്സിലാക്കാതെയോ കണക്കിലെടുക്കാതെയോ ആയിരുന്നുവെന്ന് പിന്തിരിഞ്ഞു നോക്കുമ്പോൾ എനിക്കു തോന്നുന്നു. യഥാർത്ഥത്തിൽ അതിനെ രാജ്യവിരുദ്ധം എന്നു വിളിക്കാമായിരുന്നു. ഇന്ത്യൻ ജനതയുടെ പ്രത്യക്ഷ ശത്രുവായ ബ്രിട്ടീഷ് ഗവൺമെന്റിനെ പിന്താങ്ങുവാനുള്ള പാപ്പർ നയം കാരണം യാന്ത്രികമായി ആലോചിച്ചതിനാലാവാം. ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞതെന്തും സമൂർത്ത ഇന്ത്യൻ സാഹചര്യങ്ങൾക്കനുയോജ്യമാണോ എന്നു പുനരാലോചിക്കാതെ അതേപടി അന്ധമായി നടപ്പിലാക്കുകയായിരുന്നു. ചുരുക്കത്തിൽ, ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് മുൻനിരനേതൃത്വം ഒരുതരം അടിമ മനോഭാവമാണ് പുലർത്തിയിരുന്നത്. പുതുതലമുറയും അണികളും ജനങ്ങളോട് മറുപടി പറയാൻ ഏറെ ബുദ്ധിമുട്ടിക്കൊണ്ടിരുന്നു. ഞങ്ങൾ പുതിയവരാകയാൽ ചോദ്യങ്ങൾ ചോദിക്കാതെ ആവേശത്തോടെ പാർട്ടി നയങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അങ്ങിനെയിരിക്കെ മറക്കാനാവാത്ത രണ്ടു സംഭവങ്ങൾ ഉണ്ടായി.

കോൺഗ്രസ്സ്, കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി, ട്രോട്ട്സ്കിയിസ്റ്റ്, കമ്മ്യൂണിസ്റ്റ് ഈ വിഭാഗങ്ങളിലെല്ലാം പെട്ട വിദ്യാർത്ഥികളുടെ പ്രതിനിധികൾ ഉൾപ്പെട്ടതായിരുന്നു വിദ്യാർത്ഥി യൂണിയൻ. വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്കായി ഇവയ്ക്കൊരുമിച്ചു പ്രവർത്തിക്കാനാവില്ലെന്ന സാഹചര്യം ഉണ്ടായി. ചൂടുപിടിച്ച ചർച്ചകളെ തുടർന്നു ഓരോ വിഭാഗവും ഓഫീസു പിടിച്ചെടുക്കാൻ വൈകുന്നേരങ്ങളിൽ ശ്രമമാരംഭിച്ചു. ഒരു ദിവസം തർക്കത്തിന്റെ മൂർദ്ധന്യത്തിൽ കമ്മ്യൂണിസ്റ്റ് വിരുദ്ധ വിഭാഗം കൊടിതട്ടിപറിക്കാൻ ശ്രമിച്ചു. ഞാനുൾപ്പെട്ട എതിർ വിഭാഗം അത് തടയാനും ശ്രമിച്ചു. ഈ പരിശ്രമങ്ങൾക്കിടയ്ക്ക് ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും ആക്രമിക്കുന്നുമുണ്ടായിരുന്നു. എനിയ്ക്ക് ഇടി കിട്ടുകയും ഞാൻ തിരിച്ചടിക്കുകയും ചെയ്തു. ഇത് പാർട്ടിയുടെ ഹെഡ്ക്വാർട്ടേഴ്സിൽ മുഴുക്കെ ചർച്ചാ വിഷയമായി, ഞങ്ങൾ ഹീറോകളുമായി !

എല്ലാ ശനിയാഴ്ചയും പാർട്ടിയുടെ ബുള്ളറ്റിനായ 'പീപ്പിൾസ് വാർ' വില്ക്കാൻ ഞങ്ങൾ പോകാറുണ്ട്. ചൗപ്പാത്തി കോർണറിൽ അത് വിറ്റുകൊണ്ടിരുന്ന ഒരു ദിവസം കുറച്ചു തടിമാടൻമാർ ബുള്ളറ്റിൻ വാങ്ങാനായി വന്നു. അവർ ഞങ്ങളുടെ മുമ്പിൽ വെച്ചു തന്നെ അതു കീറിക്കളഞ്ഞു. ഞങ്ങൾ പ്രകോപിതരായി, അവരോടെതിർത്തു. അതിലെ കടന്നുപോയവർ ഉത്ക്കണ്ഠയോടെ ഞങ്ങൾക്കു ചുറ്റും കൂടി, പത്രം വാങ്ങിക്കൊണ്ടുപോയി. അന്ന് മുഴുവൻ കോപ്പികളും വിറ്റുപോയി. ഈ സംഭവത്തിൽ പാർട്ടി ഞങ്ങളെ അഭിനന്ദിച്ചു. അച്ഛന്റെ മരണശേഷം വളരെ സജീവമായി പാർട്ടിക്കു വേണ്ടി പ്രവർത്തിക്കുവാൻ എനിക്കു കഴിയുമായിരുന്നു.

*ബന്ധങ്ങൾക്ക് : മിനി സുകുമാർ, 9447152892*